കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലാ പഞ്ചായത്ത് - ഖാദി മേഖലയിൽ നടപ്പാക്കുന്ന പദ്ധതി-- അഞ്ചുലക്ഷം രൂപയിൽ കൂടുതൽ വിലവരുന്ന ഉപകരണങ്ങൾ വാങ്ങുന്നതിന് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 3984/2017/തസ്വഭവ                    തിരുവനന്തപുരം, തീയതി, 12.12.2017.

വായന:- 1. തൃശ്ശൂർ ജില്ലാ ഖാദി പ്രോജക്ട് ഓഫീസറുടെ 24/10/2017 ലെ 866/17/ഖാദി നമ്പർ കത്ത്.

2. 15/11/2017 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 4.29 നമ്പർ തീരുമാനം.

ഉത്തരവ്

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി ഖാദി മേഖലയിൽ 56,90,000/- രൂപയുടെ പ്രോജക്ട് നടപ്പാക്കുന്നുണ്ടെന്നും ഈ പ്രൊജെക്റ്റിൽ 5 ലക്ഷത്തിൽ കൂടുതൽ വിലവരുന്ന ചർക്ക, തറികൾ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനു തീരുമാനമെടുത്തിട്ടുണ്ടെന്നും ഇത്തരം ഉപകരണങ്ങൾ ഈ ടെണ്ടർ മുഖേന വാങ്ങുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉള്ളതിനാൽ ഇ-ടെണ്ടറിംഗ് ഒഴിവാക്കി ഖാദി കമ്മീഷൻ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ അടിസ്ഥാനത്തിൽ വാങ്ങുന്നതിന് അനുമതി നല്കണമെന്നും വായന (1) ലെ കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ ഖാദി പ്രൊജക്ട് ഓഫീസർ അപേക്ഷിച്ചിട്ടുണ്ട്. വായന (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം ഉപകരണങ്ങൾ ഇ-ടെണ്ടറിലൂടെയോ ഖാദി കമ്മീഷൻ അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസിയിൽ നിന്നോ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2. ഈ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷം ഏകവർഷ പ്രോജക്ടായി ഖാദി മേഖലയുടെ അഭിവൃദ്ധിയ്ക്കായി നടപ്പിലാക്കുന്ന 56,90,000/- രൂപയുടെ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ചർക്ക, തറികൾ എന്നിവ ഇ-ടെണ്ടറിലൂടെയോ ഖാദി കമ്മീഷൻ അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസിയിൽ നിന്നോ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ
പ്രോജക്ട് ഓഫീസർ, ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയം, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ